വൈദ്യുതി ഉപഭോക്താക്കളെ ഊർജ്ജ സംരക്ഷണത്തിൽ ബോധവാൻമാരാക്കുക, അതിനുള്ള സാങ്കേതിക സഹായം നൽകുക തുടങ്ങിയ പ്രവൃത്തികളാണ് ഇപ്പോൾ 'എസ്കോർട്ട്' ചെയ്യുവരുന്നത്.

ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നത് പ്രോൽസാഹിപ്പിക്കൽ, ഐസ് പ്ലാന്റുകളിലെ ഊർജ്ജ സംരക്ഷണം നടത്തുന്നതിനുള്ള സാങ്കേതിക ഉപദേശങ്ങൾ നൽകൽ, കാർഷിക മേഖലയിലെ പമ്പിംഗ് സംവിധാനത്തിലെ ഊർജ്ജ സംരക്ഷണം, വിതരണ മേഖലയിലെ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ/എൻ.എസ്.എസു-മായി സഹകരിച്ചുള്ള ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവ എസ്കോർട്ടിന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നു.

(ബി) ഉണ്ട്. 2013-14 കാലയളവിൽ ഏകദേശം 85 മില്യൻ യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2013 മാർച്ച് 23-ന് ആരംഭിച്ച് മെയ് 31-ന് അവസാനിച്ച ലാഭപ്രഭ കാമ്പയിൻ പീരിയഡിൽ ഉദ്ദേശം 22,80,750 യൂണിറ്റ് വൈദ്യുതിയുടെ കുറവ് രേഖപ്പെടുത്തി. 2014 ലാഭപ്രഭ സീസൺ 2 കാമ്പയിൻ പിരീഡിൽ മൊത്തം 9.47 ദശലക്ഷം യൂണിറ്റ് കുറവാണ് രേഖപ്പെടുത്തിയത്. പഞ്ചായത്തുകൾ റസിഡൻസ് അസോസിയേഷനുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവയും ജനപ്രതിനിധികളുമായും സഹകരിച്ച് 24 ഫീഡറുകൾ കേന്ദ്രീകരിച്ച് നടത്തിയ നോ ലോഡ്ഷെഡ്ഡിംഗ് കാമ്പയിൻ പത്ത് ഫീഡറുകളിൽ നിന്നു മാത്രമായി 8.82 ലക്ഷം യൂണിറ്റിന്റെ ലാഭം രേഖപ്പെടുത്തി. ഐസ് പ്ലാന്റുകളിലെ പ്രാഥമിക ഘട്ട ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഫലമായി 50 Kg. ഭാരമുള്ള ഒരു ഐസ് ബ്ലോക്ക് ഉണ്ടാക്കുന്നതിനുള്ള വൈദ്യുതിയുടെ ചെലവ് നാല് യൂണിറ്റിൽ നിന്നും 2.8 യൂണിറ്റായി കുറഞ്ഞു.

സോളാർ പാർക്ക്

12 (5816) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. സോളാർ എനർജി കോർപ്പറേഷനുമായി ചേർന്ന് പാർക്ക് സ്ഥാപിക്കുന്നതു സംബന്ധിച്ച് കരാറിലേർപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ; ഈ പദ്ധതിയുമായി ഏതെങ്കിലും സ്വകാര്യ ഏജൻസികൾ സഹകരിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) സോളാർ പാർക്കിൽ ഒരു യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ചെലവ് എത്രയാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം നല്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉൽപാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിക്കാൻ ആവശ്യമായ പ്രസരണ ശൃംഖല ആസൂത്രണം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര നവ നവീകരണ ഊർജ്ജ മന്ത്രാലയം ആവിഷ്കരിക്കുന്ന സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കുവാനായി 18-2-2015-ൽ ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത കരാർ പ്രകാരം വിവിധ സൗരോർജ്ജ പദ്ധതികൾ കണ്ടെത്തുകയും അത് നടപ്പിൽ വരുത്തുവാനുള്ള പ്രാഥമിക നടപടികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

സോളാർ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള സ്ഥലമെടുപ്പ് നടപടികൾ നടന്നുവരികയാണ്. സോളാർ പാർക്കിൽ നിന്നും സൗരോർജ്ജ വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ IREDA-യും THDCIL-മായി 50 MW വീതം വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനായുള്ള പ്രാഥമിക കരാർ 31-3-2015- ൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും, സോളാർ എനർജി കോർപ്പറേഷനും പ്രസ്തുത കമ്പനികളുമായി ഒപ്പുവച്ചിട്ടുണ്ട്. സോളാർ പാർക്കിലെ 200 MW-ൽ ബാക്കി വരുന്ന 100 MW വയബിലിറ്റി ഗ്യാപ്പ് ഫണ്ടിങ്ങ് വഴിയാണ് നടപ്പിലാക്കുന്നത്. ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. ആയതിനാൽ സ്വകാര്യ ഏജൻസികൾക്ക് ഈ പദ്ധതിയുമായി ഇതുവരെ സഹകരിക്കേണ്ടി വന്നിട്ടില്ല.

(ബി) ഇല്ല. പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമായതിനുശേഷമേ ചെലവ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) പദ്ധതിയുടെ പ്രാഥമിക വിവരശേഖരണം മാത്രമേ നടത്തിയിട്ടുള്ളൂ. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനോടൊപ്പം മാത്രമേ പ്രസരണ ശൃംഖല ആസൂത്രണം ചെയ്യുകയുള്ളൂ.

പവർ ഹൗസുകളുടെ നവീകരണം

13 (5817) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സംസ്ഥാനത്തുള്ള ഏതെല്ലാം പവ്വർ ഹൗസുകളിൽ എത്ര തകരാറുകൾ വീതം സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly